# Desabhimani
# 30 August 2018
# Kalamasherry;Flood Victims

## ചെങ്ങൽതോട് പുനരുദ്ധാരണം:വിദഗ്ധ, ജനകീയസംഘം സന്ദർശനം നടത്തി

**കളമശേരി**

ഇറിഗേഷൻ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവരുൾപ്പെട്ട സംഘം ചെങ്ങൽ തോട് സന്ദർശിച്ചു.

പ്രളയസമയത്ത് ചെങ്ങൽ തോട് കവിഞ്ഞൊഴുകുകയും ജനവാസ മേഖലകൾ വെള്ളത്തിൽ മുങ്ങുകയും എയർപോർട്ട് അടക്കേണ്ടി വരികയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ പ്രശ്നത്തിൽ ഇടപെട്ട് 20 ദിവസത്തിനകം പരിഹാരനിർദേശങ്ങൾ സമർപ്പിക്കാൻ മേജർ ഇറിഗേഷൻ ഡിപ്പാർട്മെന്റിന് മുഖ്യമന്ത്രി നിർദേശം നൽകിയതിനെത്തുടർന്നാണ് സന്ദർശനം. തോടിന്റെ ഉൽഭവസ്ഥാനം മുതൽ തോട് പുഴയിൽ ചേരുന്ന ചെങ്ങമനാട് വരെ സഞ്ചരിച്ച് സംഘം സാധ്യതാപഠനം നടത്തി.ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുംവിധം ഉൾനാടൻ ജലഗതാഗത പാതയടക്കമുള്ള കാര്യങ്ങൾ വിദഗ്ധസമിതി പരിശോധിക്കും.

എയർപോർട്ട് നിർമാണ സമയത്ത് നിയമവിരുദ്ധമായി ഈ പ്രകൃതിദത്ത ജലസ്രോതസ്സിനെ വെട്ടിമുറിച്ച് ഇല്ലാതാക്കിയത് ഈ പ്രദേശത്ത് പരിസ്ഥിതി, കൃഷി, ജനജീവിതം എന്നിവയെ വലിയതോതിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് സംഘം വിലയിരുത്തി. റിട്ട. ഡെപ്യൂട്ടി കലക്ടർ വി ഡി ശശീന്ദ്രൻ, റിട്ട. തഹസിൽദാർ വി കെ ബലരാമൻ, സാങ്കേതിക വിദഗ്ധൻ സുരേഷ് നാരായൺ എന്നിവർ സംഘത്തിലുണ്ടായിരുന്നു. തോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഹ്രസ്വകാല , ദീർഘകാല പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ടെന്ന് സാങ്കേതിക വിദഗ്ധൻ സുരേഷ് നാരായണൻ ദേശാഭിമാനിയോട് പറഞ്ഞു. വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിനൊപ്പം, കൃഷി, വെള്ളലഭ്യത എന്നിവ കൂടി മുന്നിൽക്കണ്ടാകണം തോടിന്റെ പുനരുദ്ധാരണം നടത്തേണ്ടതെന്നും അദ്ദേഹം പറഞ്ഞു.